270744

C 21691 (Pages : 2) Name.....................................

Reg. No.....................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2022

Malayalam (B.Com./B.B.A.)

MAL 2A 02 (1)—MALAYALA SAHITHYA PADANAM – II

(2017–2018 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

1 ആധുനിക കവിത്രയത്തിൽ 'ശബ്ദസുന്ദരൻ' എന്നു വിശേഷിപ്പിക്കുന്ന കവിയാര് ?

2 'വജ്രകുണ്ഡലം' ആരുടെ കവിതയാണ് ?

3 'ഷേവു ചെയ്തു മുടിയും ചീകിയ ഒരു കാമുകൻ' എന്ന ഓർമ്മക്കുറിപ്പ് ഏതു ഗ്രന്ഥത്തിലാണുള്ളത് ?

4 'കലയുടെ വളർച്ചയ്ക്ക് അത്യാവശ്യമായി വേണ്ടത് സ്വാതന്ത്ര്യമാണ് '–ഇങ്ങനെ അഭിപ്രായപ്പെടുന്നതാര് ?

5 ബിശ്വേശ്വർഗരാമി സി.വി. ശ്രീരാമന്റെ ഏതു കഥയിലെ കഥാപാത്രമാണ് ?

6 അമ്പാഴത്തേൻ വീട്ടിൽ നടന്ന സദ്യയ്ക്കു ക്ഷണിക്കപ്പെട്ട അതിഥികൾ ആരൊക്കെയായിരുന്നു ?

7 'പ്രത്യേകിച്ച് ഒന്നുമുണ്ടായല്ല. എത്രയായാലും ഒരേ ചോരയല്ലേ ?' പരാമർശം ആരെക്കുറിച്ച് ?

8 'കാഞ്ചനസീത'യുടെ കർത്താവാര് ?

9 'എങ്ങും പതുങ്ങുന്ന മൃത്യുവിൻ പൊയ്മുഖം, എങ്ങും ജയിക്കുന്ന ധൃഷ്യമായന്ധമായ് 'ഏതു കവിതയിലെ വരികളാണിവ ?

10 ദയാബായിയുടെ യഥാർത്ഥനാമം എന്താണ് ?

(10 × ½= 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 'ഗുരുപാദരെക്കണ്ടു വന്ദിപ്പാനവസരമറിഞ്ഞു വരിക'യെന്ന് വിശ്വാമിത്രൻ ആരോടാണു പറയുന്നത് ?

12 'ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ'—എന്താണു ചെയ്തത് ?

13 'വൈ ഷുഡ് യു ഗിവ് ഫാൾസ് പ്രോമിസ്സ് ടു പീപ്പിൾ' ആരാണിങ്ങനെ ചോദിച്ചത് ?

14 'ഇത്തിരി കൊടുക്ക്യോം ഒരുപാടു ചോദിച്ചു വാങ്ങ്യോം ചെയ്യണ പ്രകൃതം' കൊച്ചുണ്ണിമ്മാൻ ആരെക്കുറിച്ചാണിങ്ങനെ പറയുന്നത് ?

15 സി.ജെ. ആലുവ യു.സി. കോളേജിൽ ചേർന്നപ്പോൾ 'എടോ തന്നെ ഈ ആലുവാക്കുന്നിന്റെ മുകളിൽ രണ്ടു കൊല്ലത്തേയ്ക്കു കണ്ടു പോകരുത് –എന്ന താക്കീത് നൽകിയ അധ്യാപകൻ ആരായിരുന്നു ?

(5 × 2 = 10 marks)

Turn over

III. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക.

16 'ഇഷ്ടപത്നിയെ വീണ്ടെടുക്കാൻ വെട്ടുന്ന പോരിൽ ഏതൊരുവനും ഇരട്ടി ബലമുള്ളനായിരിക്കും' ആരാണിതു പറയുന്നത് ? സന്ദർഭം വ്യക്തമാക്കുക.

17 വിഷു ആഘോഷത്തെക്കുറിച്ചുള്ള എം.ടി. യുടെ ഓർമ്മകൾ എന്തെല്ലാം ?

18 'സോനയ്ക്ക് അപ്പോൾ വല്ലാതെ സങ്കടം തോന്നി. താൻ ഇവിടെ ഒരു ഉപകരണമായി മാറിപ്പോയതിൽ അവൻ വളരെയേറേ ഖേദിച്ചു'. സന്ദർഭം വിശദമാക്കുക.

19 'അത്ര എടുത്തുചാട്ടം ഇപ്പോഴേ വേണ്ടാ. കുറച്ചു ക്ഷമിക്കണം. ഒക്കെ വഴിയുണ്ടാവും' എന്ന് ലളിതാംബിക അന്തർജനത്തിന്റെ പിതാവ് പറഞ്ഞ സന്ദർഭമേതായിരുന്നു ?

20 "ആതിരവരുന്നേരമൊരുമിച്ചു കൈകൾ
കോർത്തെതിരേൽക്കണം നമുക്കിക്കുറി
വരും കൊല്ലമാരെന്നു മെന്തെന്നുമാർക്കറിയാം
—ഇങ്ങനെ തോന്നാൻ കാരണമെന്ത് ?

21 സി.ജെ. യ്ക്ക് കുറച്ചു നാൾ തൃശ്ശൂരുമാറി താമസിക്കേണ്ടതായി വന്നതെന്തു കൊണ്ട് ?

22 'ഈ പ്രായത്തില് യാത്ര പോകുന്നവരോട് എങ്ങോട്ടെന്നു ചോയ്ക്കണത് വെറും ഭോഷ്കല്ലേ ചങ്ങാതീ. ഒരു നീണ്ട യാത്രയാന്നന്നെ നിരീച്ചോളൂ'. ഏതു കഥയുടെ അവസാന ഭാഗത്തെ സംഭാഷണമാണ് —വിശദമാക്കുക.

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 'എഴുത്തിന്റെ ഈറ്റില്ലം' എന്ന ആത്മകഥാംശത്തിലൂടെ ലളിതാംബിക അന്തർജ്ജനം മുന്നോട്ടു വയ്ക്കുന്ന പുരോഗമനാശയങ്ങൾ എന്തെല്ലാം ?

24 എൻ. എൻ. കക്കാടിന്റെ സഫലമീയാത്രയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

25 'ഒട്ടുചെടി' എന്ന ശീർഷകത്തിന്റെ ഔചിത്യമെന്ത് ? സമർത്ഥിക്കുക.

26 'അച്ഛനും മകളും' എന്ന കാവ്യത്തിലൂടെ വിശ്വാമിത്രനെക്കൊണ്ട് വള്ളത്തോൾ നിറവേറ്റിയത് ഒരു പിതാവിന്റെ കടമയാണ് സമർത്ഥിക്കുക.

27 'ജീവച്ഛവങ്ങൾ' ഇന്നും നമ്മുടെ ലോകത്തുണ്ട്—പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കഥയെ ആസ്പദമാക്കി വിലയിരുത്തുക.

28 'സംഘട്ടന പ്രധാനമായിരുന്നു രാവണന്റെ ജീവിതവും മരണവും'—ലങ്കാലക്ഷ്മിയെ മുൻനിർത്തി ചർച്ച ചെയ്യുക.

(4 × 10 = 40 marks)